കഴിഞ്ഞ കുറേക്കാലമായി കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ചില സ്കൂളുകളുടെ നേതൃത്വത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും നടന്ന പദ്ധതി അനുഭവങ്ങൾ ഈ പദ്ധതിയിൽ പ്രതിഫലിക്കുന്നുണ്ട്. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് -2005-ന് അനുസൃതമായി കേരളം പുറത്തിറക്കിയ വിദ്യാഭ്യാസത്തിനുള്ള നയരേഖയായ കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007-ലെ പ്രധാന നിർദ്ദേശങ്ങൾക്ക് സമാനമായ നിർദ്ദേശങ്ങളാണ് ഈ പദ്ധതിയുടെ രൂപരേഖയിൽ ഉള്ളത്. ഈ പ്രോജക്ട് റിപ്പോർട്ടിൽ നിർദ്ദേശിച്ച കാര്യങ്ങളിൽ നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയത്തിനാവശ്യമായ പഠന സാമഗ്രികൾ എസ്.സി.ഇ.ആർ.ടി. ഇതിനകം തന്നെ വികസിപ്പിച്ചിട്ടുണ്ട്. എസ്. എസ്.എ., ആർ.എം.എസ്.എ. എന്നീ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ജനകീയ പങ്കാളിത്തത്തോടെ അവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിക്കണമെന്നാണല്ലോ പറയുന്നത്. അതൊന്നും ചെയ്യാറില്ല. അതൊക്കെയാണ് ഇവിടെ കാണാൻ സാധിച്ചത്. സംസ്ഥാനത്ത് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാതൃകാപരമായ ഒട്ടേറെ അനുഭവങ്ങൾ വിദ്യാഭ്യാസ രംഗത്ത് ഇതിനകം വികസിപ്പിച്ചിട്ടുണ്ട്. നിയമസഭാ സാമാജികരുടെ നേതൃത്വത്തിലും വൈവിദ്ധ്യമാർന്ന പരിപാടികൾ നടക്കുന്നുണ്ട്. പല നിയോജകമണ്ഡലങ്ങളിലും ഈ പരിപാടികൾ നടക്കുന്നുണ്ട്. അതിന് ഉദാഹരണം ഇവിടെ ചൂണ്ടിക്കാണിക്കാൻ സാധിക്കും. കേരളീയ സമൂഹത്തിന്റെ വിദ്യാഭ്യാസത്തിലുള്ള അനുകൂല സമീപനം വെളിപ്പെടുത്തിയതായിരുന്നു 104 സ്കൂളുകൾക്കായി നടത്തിയ ജനകീയ ഇടപെടൽ. വികേന്ദ്രീകൃതമായി ഓരോ പ്രദേശത്തിന്റെയും സാധ്യതയ്ക്കനുസരിച്ച് കക്ഷിരാഷ്ട്രീയത്തിനതീതമായ വിദ്യാഭ്യാസ കൂട്ടായ്മ വളർന്നു വരുന്നത് നമ്മുടെയെല്ലാം അനുഭവമാണ്. കഴിഞ്ഞ 4 വർഷമായി മാത്രം തുടങ്ങിയ ഒന്നല്ല, അതിനുമുമ്പും ഇത് ഉണ്ടായിട്ടുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനായി കേരളത്തിൽ നടന്ന വൈവിദ്ധ്യമാർന്ന ശ്രമങ്ങളെ അംഗീകരിക്കാനും ചിട്ടപ്പെടുത്താനും ഉള്ള ശ്രമമാണ് കഴിഞ്ഞ നാല് വർഷമായി ഇവിടെ നടക്കുന്നത്. പ്രാദേശികമായി പുതിയ പുതിയ അനുഭവ മാതൃകകൾ വികസിപ്പിക്കാൻ അനുഗുണമായ പൊതുപ്രതലം രൂപപ്പെടുത്തി എന്നതാവാം ഈ സർക്കാരിന്റെ സംഭാവന. ഇത് പ്രയോജനപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, അധ്യാപക രക്ഷാകർതൃ സമൂഹം എന്നിവരെല്ലാം തയ്യാറാകുന്നു എന്നതിന് മറ്റൊരു മകുടോദാഹരണമാണ് പെരിങ്ങളം മണ്ഡലത്തിൽ നടക്കുന്നത്. വിദ്യാഭ്യാസത്തെക്കുറിച്ച് സ്ഥാനത്തും അസ്ഥാനത്തും വിമർശിക്കുന്നവരുടെ കണ്ണുതുറപ്പിക്കുന്ന ഒരു പദ്ധതിയാണ് ഈ പദ്ധതി. അതിനാണ് അദ്ദേഹം നേതൃത്വം കൊടുത്തിട്ടുള്ളത്.

(8) ഫിഷ് ലാന്റിംഗ് സെന്റർ

11.00 A.M.] ശ്രീ. എ. എം. ആരിഫ് : സർ, അന്ധകാരനഴിയിൽ ഒരു മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കണമെന്ന ആവശ്യത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി തന്നെ അതൊരു ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. എന്നാൽ അവിടെ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയ ഒരു സ്റ്റഡി റിപ്പോർട്ടിൽ പറയുന്നത് അവിടെ ഇപ്പോൾ ഒരു മിനി ഫിഷിംഗ് ഹാർബർ ഫീസിബിളല്ല എന്നാണ്. വർഷങ്ങൾക്ക് മുൻപ് നടത്തിയ ഒരു പഠന റിപ്പോർട്ടാണിത്. ഒരു പുനർ പഠനത്തിന് മദ്രാസ് ഐ.ഐ.റ്റി.യെ ചുമതലപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഞാനൊരു നിവേദനം നൽകിയിരുന്നു. അതുസംബന്ധിച്ച് നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. എന്തായാലും ആദ്യ സ്റ്റഡി റിപ്പോർട്ടിൽ തന്നെ അവിടെയൊരു ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കാമെന്ന നിലയിൽ പറഞ്ഞിരുന്നു. എന്നാൽ ആ ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കണമെങ്കിൽ അവിടെ പുലിമുട്ട് നിർമ്മിച്ച് ഫിഷ് ലാന്റിംഗ് സെന്റർ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള സമീപനം സ്വീകരിക്കണം. അതുകൊണ്ട് അന്ധകാരനഴിയിൽ പുലിമുട്ട് നിർമ്മിച്ച് ഒരു ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, ആലപ്പുഴ ജില്ലയിലെ അരൂർ നിയമസഭാ മണ്ഡലത്തിലുൾപ്പെട്ട അന്ധകാരനഴിയിൽ ഒരു ഫിഷിംഗ് ഹാർബർ സ്ഥാപിക്കണമെന്ന എം.എൽ.എ. യുടെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ കേന്ദ്ര സർക്കാർ സ്ഥാപനമായ ബാംഗ്ലൂരിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റൽ എഞ്ചിനീയറിംഗ് ആന്റ് ഫിഷറി അന്ധകാരനഴിയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് അനുയോജ്യമല്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. എന്നാൽ ടി.ആർ.പി. സ്കീമിൽ അന്ധകാരനഴി ബീച്ച് ടൂറിസം നവീകരണ പദ്ധതിയിലുൾപ്പെടുത്തി പ്രദേശവാസികളായ മത്സ്യത്തൊഴിലാളികൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ഒരു ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രധാന ഘടകങ്ങളായ ഓക്ഷൻ ഹാൾ, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നുണ്ട്. 2010 ഒക്ടോബർ മാസത്തോടുകൂടി ഇതിന്റെ പണി പൂർത്തിയാകുന്നതാണ്. എന്നിരുന്നാലും അന്ധകാരനഴിയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ചെറിയ പുലിമുട്ടോടുകൂടിയ ഒരു ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

(9) വർക്കലയിൽ സാംസ്ക്കാരിക നിലയം

ശ്രീ. വർക്കല കഹാർ: സർ, മുൻ സ്പീക്കറും നിയമജ്ഞനും ദേശീയ പ്രശസ്തനായ പാർലമെന്റേറിയനുമായിരുന്ന വർക്കല രാധാകൃഷ്ണൻ കക്ഷിഭേദമന്യേ എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു. റൂളുകളും നടപടി ചട്ടങ്ങളും ലംഘിക്കപ്പെടുന്നത് കാണുമ്പോൾ പാർട്ടി മറന്ന് പ്രതികരിക്കുന്ന അദ്ദേഹം സ്പീക്കർ പദവിയിൽ കേരളത്തിൽ ഒരു റോൾ മോഡലുമാണ്. പൊതുപ്രവർത്തന രംഗത്തെ അദ്ദേഹത്തിന്റെ ശൈലിയും വരുംതലമുറയ്ക്ക് മാതൃകയാണ്. വർക്കലയിൽ പഞ്ചായത്തംഗം, പ്രഥമ പഞ്ചായത്ത് പ്രസിഡന്റ്,

LIBRARY ARCHIVES Kerala Legislative Assembly